# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 84 03.12.2014 - ൽ മറുപടിയ്ക്ക്

**മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ ചുമതലകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എം. എ. ബേബി<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. ജി. സുധാകരൻ | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സുപ്രീം കോടതി നിർദ്ദേശപ്രകാരം നിയമിച്ച മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സുപ്രീം കോടതി നിർദ്ദേശപ്രകാരം നിയോഗിക്കപ്പെട്ട മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ ചുമതലകൾ മുല്ലപ്പെരിയാർ വിഷയത്തിലുള്ള 07.05.2014-ലെ സുപ്രീം കോടതി വിധിന്യായത്തിലെ ഖണ്ഡിക 223-ൽ വ്യക്തമാക്കിയിട്ടുണ്ട്. കോടതി വിധിയുടെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത സമിതി അതിന്റെ ചുമതലകൾ നിഷ്പക്ഷമായാണോ നിർവ്വഹിക്കുന്നതെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉയർത്തുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ കാര്യകാരണ സഹിതം വിശദീകരിച്ചുകൊണ്ട് മേൽനോട്ട സമിതി ചെയർമാനും സമിതിയിലെ തമിഴ്നാട് പ്രതിനിധിയ്ക്കും സന്ദർഭോചിതമായി |

(സി) സമിതി ഏകപക്ഷീയമായി പ്രവർത്തിക്കുമ്പോഴും ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങൾ പുലർത്തുന്നതായി പറയപ്പെടുന്ന നിസ്സംഗത സംസ്ഥാന താല്പര്യം ഹനിക്കാനിടയാക്കിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

അറിയിപ്പുകൾ നൽകിയിരുന്നു. എന്നാൽ കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള ക്രിയാത്മക സമീപനം സമിതി ചെയർമാന്റെയും തമിഴ്നാട് സർക്കാരിന്റേയും ഭാഗത്തുനിന്നുണ്ടായില്ല. കേരളത്തിന്റെ അഭ്യർത്ഥനകൾക്ക് പരിഗണന നൽകാതെ സുപ്രീം കോടതി വിധി മാത്രം അടിസ്ഥാനപ്പെടുത്തി ജലനിരപ്പ് ഉയർത്തുന്നതിനുള്ള നടപടികളാണ് തമിഴ്നാട് സ്വീകരിച്ചിട്ടുള്ളത്. ജലനിരപ്പ് ഉയർത്തുമ്പോൾ കേരള ജനതയ്ക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുകിട്ടുന്നതിന് സഹായകരമായ സമീപനം മേൽനോട്ട സമിതി സ്വീകരിച്ചില്ല. ഈ സ്ഥിതി വിശേഷം കേന്ദ്രജലകമ്മീഷൻ ചെയർമാനേയും, കേന്ദ്രജലവിഭവ സെക്രട്ടറിയേയും അറിയിച്ചിട്ടുണ്ട്.

കേരള ജനതയ്ക്കുള്ള ആശങ്ക അറിയിച്ചുകൊണ്ടും പ്രശ്നപരിഹാരത്തിന് തമിഴ്നാടിന് ചെയ്യാൻ കഴിയുന്ന പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടും ബഹു. കേരള മുഖ്യമന്ത്രി തമിഴ്നനാട് മുഖ്യമന്ത്രിയ്ക്കും കത്ത് അയച്ചിരുന്നു. കൂടാതെ പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിലേക്കായി 15.11.2014-ൽ കേരളം സുപ്രീംകോടതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ജനങ്ങളുടെ ആശങ്ക അകറ്റാനും സുരക്ഷിതത്വം ഉറപ്പാക്കാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) ബഹു. സുപ്രീംകോടതിയുടെ 07.05.2014-ലെ വിധിന്യായപ്രകാരം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്താൻ തമിഴ്നാടിന് അനുമതി ലഭിച്ച സാഹചര്യത്തിൽ; കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി സാദ്ധ്യമായ എല്ലാനടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാരിൻെറ നിലപാട്. ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാറിലും പരിസരത്തും ദുരന്ത

ലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തിക്കൊണ്ടും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, വിവിധ സേവനദാതാക്കളുടെ സഹകരണത്തോടെ മുല്ലപ്പെരിയാർ ക്രൈസ്സിസ്സ് മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കിവരുന്നു. ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ആവശ്യമായ സുരക്ഷാപ്രവർത്തനങ്ങൾ നടത്തുവാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ എത്തിയപ്പോൾ തന്നെ വില്ലേജുതലത്തിലും, താലൂക്ക് തലത്തിലും, ജില്ലാതലത്തിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തയ്യാറാക്കുകയുണ്ടായി.

മുല്ലപ്പെരിയാർ മേഖലയിലെ ഒരു ഷെൽട്ടർ ഒരു മാതൃകാ റസ്ക്യൂ ഷെൽട്ടറായി വികസിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടം നടപടി സ്വീകരിച്ചുവരുന്നു. ദുരന്ത ഭീഷണി നിലനിൽക്കുന്ന മേഖലയിൽ തടസ്സമില്ലാതെ വൈദ്യുതി വിതരണം ഉറപ്പാക്കാനും 24 മണിക്കൂറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കാനും കെ.എസ്.ഇ.ബി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അണക്കെട്ട് പ്രദേശത്ത് ഉള്ള ദുരന്ത സാഹചര്യങ്ങൾ വിശകലനം ചെയ്ത് ആവശ്യമായ സാമൂഹിക സാങ്കേതിക സുരക്ഷാനിർദ്ദേശങ്ങൾ നൽകുന്നതിനും നടത്തുന്നതിനും ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുകയും ചെയ്തു. സംസ്ഥാന ദുരന്ത പ്രതികരണ സേന (SDRF) യുടെ രണ്ടു ടീമുകളെ ഈ മേഖലയിലേക്ക് നിയോഗിക്കുകയും ഏതടിയന്തരഘട്ടം

നേരിടുവാനും അവരെ സജ്ജരാക്കുകയും ചെയ്തു.

അടിയന്തര സാഹചര്യം പരിഗണിച്ച് സർക്കാർ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 15.11.2014-ൽ ജി.ഒ.(എം.സ്) 473/2014/ ഡി.എം.ഡി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി ചേർന്ന് വേണ്ട നടപടികൾ സ്വീകരിച്ചു.

തീരവാസികളായ 120 കുടുംബങ്ങളെ ടീമുകളായി തിരിച്ച് ബന്ധപ്പെട്ടവർക്ക് ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി ടീം ലീഡറെ നിയോഗിക്കുന്നതിനും തീരുമാനിച്ചു. പെരിയാർ ടൈഗർ റിസർവ്വിന്റെ കീഴിലുള്ള ബോട്ടുകൾ, ഡ്രൈവർമാർ, മുങ്ങൽ വിദഗ്ധർ എന്നിവരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കി. കുറഞ്ഞത് 6 മണിക്കൂർ മുമ്പ് മുന്നറിയിപ്പ് ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചു. ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തി. അടിയന്തര സാഹചര്യമുണ്ടായാൽ അണക്കെട്ടിന്റെ സമീപ പ്രദേശങ്ങളിലെ എസ്റ്റേറ്റുകളിൽ നിന്നും സഹായങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

കേരളത്തിന്റെ അഭ്യർത്ഥനകൾ പാടെ അവഗണിച്ചുകൊണ്ട് കോടതി ഉത്തരവിന്റെ മാത്രം ബലത്തിൽ ജലനിരപ്പുയർത്തുന്നതിന് തമിഴ്‌നാട് നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ; കേരള ജനതയുടെ ആശങ്ക ദൂരീകരിക്കുന്നതിനായി തമിഴ്‌നാടിന് നൽകാൻ കഴിയുന്ന ചില ക്രിയാത്മക നിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് പ്രസ്തുത നിർദ്ദേശങ്ങൾ

പരിഗണിക്കുന്നതിലേക്കായി 15.11.2014-ൽ
കേരളം ബഹു. സുപ്രീം കോടതിയിൽ അപേക്ഷ
സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

223. The powers and functions of the Supervisory Committee shall be as follows:

(i) The Committee shall supervise the restoration of FRL in the Mullaperiyar dam to the elevation of 142 ft.

(ii) The Committee shall inspect the dam periodically, more particularly, immediately before the monsoon and during the monsoon and keep close watch on its safety and recommend measures which are necessary. Such measures shall be carried out by Tamil Nadu.

(iii) The Committee shall be free to take appropriate steps and issue necessary directions to the two States - Tamil Nadu and Kerala – or any of them if so required for the safety of the Mullaperiyar dam in an emergent situation. Such directions shall be obeyed by all concerned.

(iv) The Committee shall permit Tamil Nadu to carry out further precautionary measures that may become necessary upon its periodic inspection of the dam in accordance with the guidelines of the Central Water Commission and Dam Safety Organisation.



True Copy

Section Officer